# <u>കഠിനംകുളം കൊറോണപ്രവർത്തന റിപ്പോർട്ട്</u>

ആഗോളതലത്തിൽ ഗുരുതരആഘാതങ്ങളുണ്ടാക്കിയ കോവിഡ്-19 നമ്മുടെ കൊച്ചു കേരളത്തിലും വ്യാപകമായി തൊഴിൽ-വരുമാന നഷ്ടങ്ങൾ ഉണ്ടാക്കിയപ്പോൾ അതിനെ ചെറുക്കുന്നതിനായ് ഓരോ കുടുംബശ്രീ അംഗവും 'ത്രിതല' തലത്തിൽ തങ്ങളുടെ കഴിവിന്റെ പരമാവധി സമൂഹത്തിനായി സേവനങ്ങൾ നൽകി. ബാല – വയോജന - അഗതി സംരക്ഷണത്തിൽ പ്രത്യേക പരിഗണന നൽകി കുടുംബശ്രീ പ്രവർത്തിച്ചപ്പോൾ, സംസ്ഥാനസർക്കാർ തൊഴിൽ നഷ്ടം മൂലം ഉണ്ടായ വരുമാന ഇടിവ് നികത്തുന്നതിനായി 2000 കോടി രൂപയുടെ വായ്പ വിതരണം ചെയ്യുന്നത്'കുടുംബശ്രീ 'വഴിയാണെന്ന് പ്രഖ്യാപിച്ചത് സമൂഹത്തിൽ കുടുംബശ്രീക്കുള്ള സ്വാധീനമികവ് വിളിച്ചോതുന്നു.

കോവിഡ് ബാധ തടയുന്നതിനുള്ള പടയോട്ടത്തിൽ കുടുംബശ്രീ പ്രസ്ഥാനത്തിന്പൂർണ പിന്തുണയുമായി തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം CDS മികച്ച പ്രവർത്തനം കാഴ്ചവച്ചു. ആകെയുള്ള 23 വാർഡുകളിൽ 13 എണ്ണം കോസ്റ്റൽ വാർഡുകളാണ്. 703 അയൽക്കൂട്ടങ്ങളിൽ 8735 അംഗങ്ങളുണ്ട്. അതിൽ 433 തീരദേശ അയൽക്കൂട്ടങ്ങളിലായി 5677 അംഗങ്ങളുണ്ട് . നിലവിലെ സി ഡി എസ് ചെയർപേഴ്സൺ ശ്രീമതി സീനത്ത് ആണ്.

**ഓർഗനൈസേഷൻ**

<u>വയോജനക്ഷേമം</u>

CDS ൽ ആകെ 14 വയോജന അയൽക്കൂട്ടങ്ങളുണ്ട്. ലോക്ക്- ഡൌൺ ആരംഭിക്കുന്നതിനു മുന്നേതന്നെ CDS ൽ CP യുടെ നേതൃത്വത്തിൽ CDS അംഗങ്ങൾ വയോജനങ്ങൾക്കു ബോധവൽക്കരണം നൽകുന്നതിന് തുടക്കം കുറിച്ചു. കോവിഡ് 19 രോഗത്തെപ്പറ്റിയും വയോജനങ്ങൾ ഈ കാര്യത്തിൽ ചെലുത്തേണ്ട പ്രതേക ശ്രദ്ധയെയും കുറിച്ച് കുടുംബാംഗങ്ങളിൽ ഉൾപ്പെടെ അവബോധം സൃഷ്ടിക്കുവാൻ കഴിഞ്ഞു. പുത്തൻതോപ് PHC ൽ നിന്നും വയോജനങ്ങൾക്കുള്ള ജീവിതശൈലി രോഗമരുന്നുകൾ, മറ്റു മരുന്നുകൾ എന്നിവ വയോജനങ്ങൾക്കു എത്തിച്ചു നൽകുന്നതിൽ വാർഡ് മെമ്പർമാരും - CDS മെമ്പർ മാരും ഒരുമയോടെ പ്രവർത്തിച്ചു. . എല്ലാ ദിവസവും വയോജനക്ഷേമം വാർഡ് തലത്തിൽ അന്വേഷിക്കുന്നതിന്റെ ചുമതല C D S മെമ്പർമാർക്കും നൽകി.

വയോജനങ്ങൾക്കു സൗജന്യമായി 250 mask വിതരണം നടത്തി.

അതോടൊപ്പം തന്നെ ആവശ്യസാധനകൾ വേണ്ടവർക്കും ഒറ്റപ്പെട്ടു താമസിക്കുന്നവരുമായവർക്കും വയോജനങ്ങൾക്കും അത്യാവശ്യസാധനകൾ എത്തിച്ചുകൊടുക്കുന്നതിനും CDS മെമ്പർമാർ പ്രവർത്തിച്ചു.

## മൈക്രോഫിനാൻസ്

കോവിഡ് കാലത്ത് ജനങ്ങൾക്ക് കൈത്താങ്ങായി അനുവദിച്ച CMHLS ലോണിന് 2018-19 സാമ്പത്തികവർഷത്തെ ഓഡിറ്റ് നടത്തി അഫിലിയേ ഷൻ പുതുക്കിയ 310 NHG കളിലെ 3630 അംഗങ്ങൾ അർഹരായി. അവർക്ക് വായ്പയായി 281, 26854 രൂപ അനുവദിച്ചു. നിലവിൽ 50 അയൽക്കൂട്ടങ്ങൾക്കു 65,48,000 രൂപ നൽകി കഴിഞ്ഞു. അയൽക്കൂട്ടങ്ങൾക്ക് യോഗം കൂടുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ജില്ലാ മിഷന്റെ നിർദേശപ്രകാരം CD S- ADS- അയൽക്കൂട്ട തലത്തിൽ രൂപീകരിച്ച വാട്സ് ആപ്പ് ഗ്രൂപ്പുകൾ വഴിയാണ് ലോണിന്റെ ഗുണഭോക്താക്കളെ കണ്ടെത്തിയത്. ഈ ഗ്രൂപ്പുകൾ വഴി ഗവൺമെന്റ് നൽകുന്ന നിർദേശങ്ങൾ യഥാസമയം അയൽകൂട്ടങ്ങളിൽ എത്തിക്കുവാൻ കഴിയുന്നു.

## BREAK THE CHAIN

ADS ന്റെ നേതൃത്വത്തിൽ അതാതു വാർഡ് തലത്തിൽ പ്രധാന ജംക്ഷനുകളിൽ ഹാൻഡ് വാഷ് - സാനിട്ടയ്സർ വെള്ളമുൾപ്പെടെ സജ്ജീകരിച്ചു. ക്യാംപെയ്മെന്റ് ഭാഗമായി വാർഡ് തലത്തിൽ ബോധവത്കരണം നടത്തുകയും പ്രധാന സ്ഥലങ്ങളിൽ എല്ലാം പോസ്റ്റർ ഒട്ടിക്കുകയും ഹാൻഡ് വാഷ് കോർണറുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു പൊതു ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുകയും ചെയ്തു.

CDS CP യുടെ നേതൃത്വത്തിൽ 32000- മാസ്കുകൾ നിർമ്മിച്ച് ജില്ലാമിഷൻ, പഞ്ചായത്ത്, PHC കളിൽ വിതരണം നടത്തി. 3 കുടുംബശ്രീ ME തയ്യൽയൂണിറ്റുകളുടെ സേവനം ഉപയോഗപ്പെടുത്തുകയും അവർക്ക് 96000 രൂപയുടെ വരുമാനം നേടി കൊടുക്കുകയും ചെയ്തു.

## കമ്യൂണിറ്റികിച്ചൻ/ ജനകീയ ഹോട്ടൽ



കമ്മ്യൂണിറ്റികിച്ചന്റെ പ്രവർത്തന മേൽനോട്ടം CDS Chairperson നേരിട്ടാണ് നടത്തിയത്. കമ്മ്യൂണിക്കിച്ചന്റെ പ്രവർത്തനത്തിൽ പരമാവധി കുടുംബശ്രീ, പങ്കാളിത്തം നടപ്പിലാക്കാൻ CP കഴിഞ്ഞു. JLG കളിൽ നിന്നും കുടുംബശ്രീ അംഗങ്ങളുടെ ഭവനങ്ങളിൽ നിന്നുമുള്ള പച്ചക്കറികൾ, മുതലായവയുൾപ്പെടുത്തിയാണ്

കമ്യൂണിറ്റികിച്ചൻ പ്രവർത്തിച്ചുവന്നിരുന്നത്. 16 April 2020 വരെ കമ്മ്യൂണിറ്റികിച്ചൻ പ്രവർത്തിച്ചു. May 4 നു ജനകീയ ഹോട്ടൽ പ്രവർത്തനം ആരംഭിച്ചു, മികച്ച രീതിയിൽ നടന്നു വരുന്നു. പ്രതിദിനം ശരാശരി 50 പൊതി ഭക്ഷണം 20 രൂപ നിരക്കിൽ വിതരണം ചെയ്തു വരുന്നു

കാർഷികമേഖല

കൃഷിഭവനുമായി സഹകരിച്ചു കുടുംബശ്രീ അംഗങ്ങൾക്ക് പച്ചക്കറി വിത്തുകൾ, വളം എന്നിവ വിതരണം നടത്തി. പഞ്ചായത്ത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ധാരാളം പ്രവർത്തനങ്ങൾ നടത്തി വരുന്നു

സാമൂഹിക വികസനം

കോവിഡ് 19 രോഗവ്യാപനം തടയുന്നതിനായി രാജ്യം lockdown പ്രഖ്യാപിച്ച വേളയിൽ തന്നെ വയോജന -അഗതി സംരക്ഷണത്തിന് പ്രാധാന്യം നൽകി. 60 വയസിനു മുകളിൽ പ്രായമുള്ളവരുടെയെല്ലാം ആരോഗ്യസ്ഥിതി ഫോൺവഴി അന്വേഷണം നടത്തുന്നതിനു അതാതു സി ഡി എസ് മെമ്പർമാർ ഉറപ്പ് വരുത്തി. ആശ്രയഗുണഭോക്താക്കൾക്കുള്ള കിറ്റ് അവരുടെ ഭവനങ്ങളിൽ എത്തിച്ചുകൊടുത്തു

## <u>സൂക്ഷ്മസംരംഭം</u>



കൊറോണ വൈറസിനെ പിടിച്ചുകെട്ടുവാനുള്ള മരുന്നുകൾ കണ്ടുപിടിക്കാത്ത സാഹചര്യത്തിൽ സാമൂഹിക അകലവും മാസ്ക് ധരിക്കലും രക്ഷാമാർഗ്ഗമായി നിന്നപ്പോൾ മാസ്ക് നിർമ്മാണത്തിന്റെ ആവശ്യകതയേറി. ചെയർപേഴ്സൺ നേരിട്ടും 3 M E യൂണിറ്റുകളുടെ സഹായത്തോടെയും മാസ്ക് നിർമാണം, തുണിസഞ്ചിനിര്മാണം മുതലായവഴി ലക്ഷത്തിൽപ്പരം രൂപയുടെ വരുമാനം നേടുവാനായത് അയൽക്കൂട്ടങ്ങങ്ങൾക്കു lockdown വേളയിൽ വലിയ ആശ്വാസമായി.

## Prepared By


**Nisha**
**MF &MIS Block**
co-ordinator
Pothencode Block
Ph : 8089895112
**Chair Person**
**Zeenath**
Ph :9746225152